# കേരള സർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പ്

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

# St:George High School Manimala

***മണിമലയുടെ വിദ്യാഭ്യാസ മികവിന്റെ കേന്ദ്രം***

നമ്മുടെ കലാലയത്തിലേക്ക് ............................

കേരളത്തിന്റെ കിഴക്കൻ അതിർത്തിയായ പെരുവന്താനം മലനിരകളിൽ നിന്ന് ഉത്ഭവിച്ച് പടിഞ്ഞാറെ അതിർത്തിയായ വേമ്പനാട്ട് കായലിന്റെ വാലറ്റമായ കാവാലത്തു എത്തിച്ചേരുന്ന കേരള നദികളിൽ പന്ത്രണ്ടാമനായ മണിമലയാർ പല ദേശങ്ങളിലൂടെയും സഞ്ചരിക്കുന്നുവെങ്കിലും അതിന്റെ നാമധാരിയായ ദേശം മണിമലയാണ് .ഈ ദേശം ബ്രിട്ടീഷ് അധിനിവേശകാലത്ത് തിരുവിതാംകൂറിലെ ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാർക്ക് ഏറെ പ്രിയപ്പെട്ടതായിരുന്നു .ദി ബെൽ മൗണ്ട് ഓഫ് ട്രാവൻകൂർ എന്നറിയപ്പെട്ടുന്ന മണിമല ,അതുകൊണ്ടുതന്നെ അവരുടെ ബംഗ്ലാവുകളും തോട്ടങ്ങളും മണിമലയിലും പരിസരങ്ങളിലും പടുത്തുയർത്തപെട്ടു . സായിപ്പിന്റെ ആംഗലേയഭാഷയെ ഏറെ സ്നേഹിച്ച കൃഷിവലന്മാരായ മണിമലക്കാർ അവരുടെ മക്കൾക്ക് ഇംഗ്ലീഷ് പഠിക്കുവാൻ ഒരു വിദ്യാലയം സ്വപ്നം കണ്ടു . അങ്ങനെ മണിമല സെന്റ് ജോർജ് ഇംഗ്ലീഷ് പള്ളിക്കൂടംസ്ഥാപിതമായി. ആംഗലേയഭാഷയ്ക്ക് പുറമേ മൂന്ന് ഡസനിലധികം ഭാഷകൾ അനായാസം കൈകാര്യം ചെയ്തിരുന്ന കത്തോലിക്കാ സഭയുടെ മേജർ ആർച്ച് ബിഷപ്പ് ആയിരുന്ന കർദിനാൾ പടിയറ തിരുമേനി ഈ കലാലയത്തിന്റെ സംഭാവനയായിരുന്നു .

**ആമുഖം**

കേരളത്തിന്റെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കാനുള്ള പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ചിട്ട് ഏതാണ്ട് ഒരു പതിറ്റാണ്ടിനോടടുക്കുന്നു .ഇതിന്റെ ഭാഗമായി നമ്മുടെ വിദ്യാഭ്യാസരംഗം നിരവധി മാറ്റങ്ങൾക്ക് വിധേയമായി അന്തർദേശീയ വിദ്യാഭ്യാസ നിലവാരങ്ങൾക്ക് ഒപ്പമായി .ഇതിന് മുഖ്യ പങ്ക് വഹിച്ച ഒരു പദ്ധതിയായിരുന്നു പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഇതിന്റെ ഭാഗമായി മണിമല സെന്റ് ജോർജ് ഹൈസ്കൂളിന് നമ്മുടേതായ അക്കാദമിക് മാസ്റ്റർ പ്ലാൻ ഉണ്ടാകണമെന്നും അതിന്റെ ചട്ടക്കൂടിൽ നിന്ന് നമ്മുടെ വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും പഠന പുരോഗതിയും സമഗ്ര വികാസവും വിവിധ

തലങ്ങളിൽ ഉറപ്പാക്കണം എന്നും നമ്മുടെ സ്കൂളും ആഗ്രഹിക്കുന്നു .ഈ ലക്ഷ്യപ്രാപ്തിക്കായി സ്കൂളിന്റെ അക്കാദമിക ലക്ഷ്യങ്ങളും വിഭവ വിനിമയ വിനിയോഗങ്ങളും പ്രവർത്തന പരിപാടികളും ഓരോ ക്ലാസ് മുറിയിലും ഓരോ കുട്ടിയുടെയും തലത്തിൽ എത്തിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

**ക്ലാസ് തല മാസ്റ്റർ പ്ലാൻ**

നമ്മുടെ സ്കൂളിലെ അഞ്ചു മുതൽ 10 വരെയുള്ള 16 ഡിവിഷനുകളിലെ കുട്ടികളുടെ പൊതുവായ പഠന ആവശ്യകതകളും ഓരോ വിഷയത്തിന്റെയും പഠന ലക്ഷ്യവും അടിസ്ഥാനമാക്കി എസ്ആർ.ജി ഗ്രൂപ്പുകളിൽ രൂപം നൽകിയിട്ടുള്ള ആസൂത്രണം ക്ലാസ് മുറികളിൽ നടപ്പിലാക്കുന്നു .

**വ്യക്തിഗത മാസ്റ്റർ പ്ലാൻ**

മണിമല സെന്റ് ജോർജ് ഹൈസ്കൂളിലെ 530 വിദ്യാർത്ഥികളുടെയും സവിശേഷമായ പഠനശേഷികൾ, താല്പര്യങ്ങൾ ,വെല്ലുവിളികൾ എന്നിവ തിരിച്ചറിയുവാൻ ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു .ഓരോ കുട്ടിക്കും പ്രോത്സാഹനവും പഠന പിന്തുണയും അവസരങ്ങളും ഒരുക്കുന്നതിനുള്ള സൂക്ഷ്മതല ആസൂത്രണവും അതിന്റെ തുടർച്ചയായി കുട്ടിയുടെ പരമാവധി തലത്തിലേക്ക് എത്തിക്കുവാനുള്ള വിവിധ പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നു .

1.കുട്ടികളുടെ ഭവന സന്ദർശനം

2.മാതാപിതാക്കളുമായുള്ള ഉറപ്പായ ബന്ധം

3.കുട്ടികളുടെ സുഹൃത്ത് ബന്ധങ്ങൾ തിരിച്ചറിയുന്നു

4.പഠന നിലവാരം അപഗ്രഥിക്കുന്നു

5'മാനസിക നില വിവിധ തലങ്ങളിൽ തിരിച്ചറിയുന്നു

6.മാനസിക പിന്തുണ ഉറപ്പു വരുത്തുന്നു

7.വ്യക്തിഗത മാസ്റ്റർ പ്ലാൻ

8.ക്ലാസ് തല മാസ്റ്റർ പ്ലാൻ

9.സ്കൂൾ തല മാസ്റ്റർ പ്ലാൻ

പരസ്പരം ഏകോപിപിച്ചും ബന്ധപെടുത്തിയും നടപ്പിലാക്കും

10.മുകളിൽ പറഞ്ഞിരിക്കുന്നുന്നവ ലക്ഷ്യ പ്രാപ്തി കൈവരിക്കുന്നുണ്ടോ എന്ന് അധ്യാപക കൂട്ടായ്മയിൽ വിലയിരുത്തുന്നു

11.അപര്യാപ്തത സമയബന്ധിതമായി പരിഹരിക്കുന്നു

**2025 26 അധ്യായന വർഷത്തിന്റെ സ്കൂൾതല പ്രസക്തി**

2025 26 അധ്യായന വർഷം ഗുണമേന്മ വർഷമായി കണക്കാക്കുന്ന പദ്ധതി ചട്ടക്കൂട് പ്രകാരം ഒന്നു മുതൽ 10 വരെയുള്ള പാഠപുസ്തകങ്ങൾ പരിഷ്കരിച്ചിരിക്കുന്നു നമ്മുടെ സ്കൂളിൽ പുതിയ പാഠപുസ്തകങ്ങൾ മുഴുവൻ കുട്ടികൾക്കും

ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ സ്കൂൾ സൊസൈറ്റി വഴി നടപ്പിലാക്കി കഴിഞ്ഞു മൂല്യനിർണ്ണയ പ്രക്രിയയിൽ വരുന്ന മാറ്റങ്ങൾ അധ്യാപകരുടെ അവധിക്കാല പരിശീലന പദ്ധതിയിലൂടെ സ്വായത്തമാക്കുകയും ക്ലാസ് നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്നു .

വിദ്യാഭ്യാസം എന്നത് പാഠപുസ്തക പഠനവും എഴുത്തു പരീക്ഷയുമെന്ന നിലയിൽ നിന്ന് മാറ്റം വരുത്തി ഓരോ വിദ്യാർത്ഥിയെയും സമൂഹത്തിന് ഉപകാരപ്പെടുന്ന ഒരു പൗരൻ ആക്കി മാറ്റുക എന്ന സമഗ്ര പദ്ധതിയുടെ ഭാഗമായി നമ്മുടെ വിദ്യാലയത്തെ മാറ്റുവാൻ വിവിധ കർമ്മ പദ്ധതികൾ രൂപം കൊടുത്തിരിക്കുന്നു കുട്ടികളിൽ സ്വന്തമായി അഭിപ്രായങ്ങൾ ഉണ്ടാവുകയും അതിന്റെ വക്താക്കളായി നിലകൊള്ളുവാനുമുള്ള കഴിവ് രൂപീകരിക്കുന്നു ഇതിനായി വികസിക്കേണ്ട ധാരണകൾ പഠനപ്രവർത്തനത്തിൽ ചേർക്കപ്പെടണം .

സത്യസന്ധത ,ലഹരിമുക്തി ,പൊതുസ്ഥലത്തെ മാനദയുള്ള പ്രവർത്തനങ്ങൾ, മാന്യമായ സംസാര ശൈലി ,മുതിർന്നവരോടുള്ള ഇടപെടലുകൾ ,റോഡ് നിയമങ്ങൾ ,കുട്ടികളുടെ അവകാശങ്ങൾ ഇങ്ങനെയുള്ള കാര്യങ്ങളിൽ കുട്ടികളിൽ ഉറപ്പായ ബോധ്യം വളർത്തുവാനുള്ള വിവിധ പദ്ധതികളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു തൊഴിലിന്റെ മാന്യതയും മഹത്വവും വിദ്യാഭ്യാസ പ്രക്രിയകൾ ചേർക്കപ്പെടേണ്ടതുണ്ട് .സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവർ ഭിന്നശേഷിക്കാരായ ആളുകൾ ഇവരെ സമൂഹത്തിൽ ഉൾ ചേർക്കുകയും അവരുടെ സംരക്ഷണം നമ്മുടെ ഉത്തരവാദിത്തമാണെന്ന് കൗമാരക്കാലത്ത് ഉറച്ച ബോധ്യപ്പെടുത്തൽ ഉണ്ടാക്കേണ്ടതാണ് ഇതിന്റെ ഭാഗമായി ഓരോ പ്രവർത്തനങ്ങളും സമയബന്ധിതമായി ചിട്ടപ്പെടുത്തുവാനും ഒരു മോണിറ്ററിംഗ് സംവിധാനത്തിലൂടെ രേഖപ്പെടുത്തലും ഉണ്ടാവണം

**നമ്മുടെ വിദ്യാലയത്തിൽ നടപ്പിലാക്കേണ്ട പ്രധാന തീരുമാനങ്ങൾ :**

**1.**സംസ്ഥാനതലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിക്കുന്ന എല്ലാ പദ്ധതികളും നമ്മുടെ ക്യാമ്പസിൽ നടത്തപ്പെടുക

2.ജില്ലയുടെ തനത് പദ്ധതികൾ ജില്ലയിലെ എല്ലാ വിദ്യാലയങ്ങളും വിദ്യാലയങ്ങളിലും നടപ്പിൽ വരുത്തുന്നതിന് ഒപ്പം നിലകൊള്ളുക

3 വിദ്യാലയത്തിന്റെ സാഹചര്യമനുസരിച്ച് രൂപം നൽകുക ഉദാഹരണം വായനയിലും എഴുത്തിലും പിന്നോക്കം നിൽക്കുന്നവരെ സഹായിക്കുകയും കൈത്താങ്ങ് ആവുകയും ചെയ്യുക അധ്യാപകർക്കൊപ്പം സമൃദ്ധരായ കുട്ടികളെയും പങ്കു ചേർക്കുക

4.ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പുനർ വിന്യാസം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കുക ഒരു കോട്ടം പോലെയുള്ള ആളുകളുടെ സഹായവും സേവനവും ഉറപ്പുവരുത്തുക

5. അഥിതി തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം ഭാഷ പരിമിതിയെ മറികടക്കുവാനും ഉൾച്ചേരൽ വിദ്യാഭ്യാസം നൽകുവാനും നടപടികൾ സ്വീകരിക്കുക

**സമഗ്ര ഗുണമേന്മവർഷം**

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന് നമ്മുടെ കലാലയം അടയുറച്ച് വിശ്വസിക്കുന്നു ഓരോ വിദ്യാർത്ഥിയും ക്ലാസുകളിൽ നേടണമെന്ന് പാർട്ടി പദ്ധതി വിഭാവനം ചെയ്യുന്ന പഠന ലക്ഷ്യങ്ങൾ ആർജ്ജിച്ചു മുന്നേറുന്നു എന്ന് ഉറപ്പാക്കണം പാർട്ടി പദ്ധതിയുടെ പഠന ലക്ഷം കൂടാതെ ശാരീരിക ബൗദ്ധിക മാനസിക വൈകാരിക സാമൂഹ്യ ഘടകങ്ങളുടെ ശാസ്ത്രീയവും പ്രായത്തിനോ ഗുണവുമായ വളർച്ചയ്ക്കുള്ള പദ്ധതികൾ ഉണ്ടാവണം

പാഠപുസ്തകങ്ങളിൽ നിന്ന് സാഹിത്യമാക്കുന്നവ കുട്ടിയുടെ ചിന്ത ചിന്താ മണ്ഡലത്തിൽ വിവേകത്തിന്റെയും ചിന്തയുടെയും തീപ്പൊരികൾ സൃഷ്ടിക്കണം ഒരു ജീവിതം കെട്ടിപ്പടുക്കുക എന്നതായിരിക്കണം കുട്ടിയുടെ പഠനത്തിന്റെ ലക്ഷ്യം ഇതിനായി സ്കൂൾ വിഭാവനം ചെയ്യുന്ന പ്രക്രിയകൾ

i. വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളും ജീവിതത്തിൽ ഉയർന്ന നിലവാരത്തിൽ എത്തിയവരുമായി ഉള്ള സംവാദം

ii.ജീവചരിത്രങ്ങളും പരിചയപ്പെടുത്തൽ ജീവചരിത്രങ്ങളുടെ പരിചയപ്പെടുത്തൽ

iii.മഹാത്മാരുടെ ജീവിത പാതയെ പിന്തുടർന്ന് ജീവിതവിജയം കൈവരിച്ചവരുടെ ജീവിതം പരിചയപ്പെടുത്തൽ തുടങ്ങിയവ നമ്മുടെ വിദ്യാലയം പിന്തുടരുന്നു

സ്നേഹത്തിന്റെയും മതനിരപേക്ഷ ചിന്തയുടെയും ജനാധിപത്യ ബോധത്തിന്റെയും പ്രകാശത്തിലേക്ക് ആണ് വിദ്യാർഥികൾ നടക്കേണ്ടത് ഇത്തരം പ്രകാശം പരത്തുന്ന ഇടങ്ങളായി നമ്മുടെ വിദ്യാലയം മാറേണ്ടതുണ്ട് വിദ്യാഭ്യാസത്തിന്റെ അറിവിൽ വെച്ചിരുന്നതെങ്കിലും തിരിച്ചറിവ് എല്ലാവർക്കും ഉണ്ടാകാതെ പോയിരുന്ന ഈ സമീപനത്തിന് നമ്മുടെ വിദ്യാലയം മാറ്റം വരുത്തുകയും നൂതന സമീപനങ്ങളിലൂടെ അറിവിനൊപ്പം വിവേകവും വളർത്തുന്ന പഠനരീതി അവലംബിക്കുന്ന ഭരണഘടന ഉയർത്തിപ്പിടിക്കുന്ന അടിസ്ഥാന മൂല്യങ്ങൾ നിലപാടുകൾ ബോധത്തോടെയും വിവേകം വകതിരിവ് കാര്യകാരണ ബന്ധ പരിശോധന അറിവിന്റെ സാമൂഹിക വിനിയോഗശേഷി തുടങ്ങിയവയിലൂടെ അറിവ് അർദ്ധ പൂർവ്വതയിൽ എത്തിക്കാനുള്ള വിവിധ മാർഗങ്ങൾ അവലംബിക്കുന്ന ,നടപ്പാക്കുന്ന

2025 -26 അധ്യായന വർഷത്തിന്റെ ആദ്യദിനങ്ങൾ കേരള വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവിനനുസൃതമായി ആദ്യ രണ്ടാഴ്ച ഒരു മണിക്കൂറിൽ കുറയാതെ പൊതുവായ കാര്യങ്ങൾ കുട്ടികളുമായി സംവദിക്കുന്ന ഒരു പദ്ധതി മണിമല സെന്റ് ജോർജ് ഹൈസ്കൂളിൽ വിജയകരമായി പൂർത്തിയാക്കി

i.ആരോഗ്യ സംരക്ഷണം

ii.മയക്കുമരുന്ന് /ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ

iii.റോഡ് നിയമങ്ങൾ

iv.വ്യക്തി ശുചിത്വം

v.പരിസര ശുചിത്വം

vi.ഹരിത ക്യാമ്പസ്

vii.പൊതുമുതൽ സംരക്ഷണം

viii നിയമാവബോധം

ix.കാലാവസ്ഥ മുൻകരുതലകൾ

x.വൈകാരിക നിയന്ത്രണങ്ങളോടെയുള്ള ഇടപെടലുകൾ

xi പരസ്പര സഹകരണത്തിന്റെ ഇടങ്ങൾ

xii പോഷക വർദ്ധിത ആഹാരക്രമങ്ങൾ

xiii നൂതന സൗന്ദര്യവർ വസ്തുക്കളുടെ ദൂഷ്യഫലങ്ങൾ

viv.നവമാധ്യമങ്ങളുടെ ശരിയായ ഉപയോഗം

xv.ഫാസ്റ്റ് ഫുഡ് പ്രശ്നങ്ങളുടെ അമിത ഉപയോഗം ഉണ്ടാക്കുന്ന ദൂഷ്യങ്ങൾ

തുടങ്ങിയവ ചർച്ച ചെയ്യപ്പെടുകയും പോസ്റ്റർ നിർമ്മാണം , കുറിപ്പ് തയ്യാറാക്കൽ പ്രഭാഷണം പേപ്പർ പ്രസന്റേഷൻ റിയൽസ് തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ പ്രായോഗിക തലത്തിൽ എത്തിച്ച പ്രവർത്തനങ്ങൾ ആയി ഓർമ്മപ്പെടുത്തലുകളും കുട്ടികളുടെ വിവിധ അവതരണങ്ങളും ക്ലാസുകളിൽ നടന്നുവരുന്നു .

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി മൂല്യനിർണയത്തിൽ വലിയ മാറ്റങ്ങളുടെ കാലമായി മാറിയിരിക്കുന്നു . കുറെ കാണാപ്പാഠങ്ങൾ പരീക്ഷയിൽ പകർത്തി എ പ്ലസ് വാങ്ങുക എന്നതിലുപരി വിജ്ഞാന സമൂഹത്തിലെ പ്രശ്നം നിർദ്ധാരണത്തിന് പ്രാധാന്യം നൽകണമെന്ന് തിരിച്ചറിവ് ഉണ്ടായിരിക്കുന്നു ഡാറ്റകളുടെ ശേഖരണത്തിനും വിശകലനത്തിനും പ്രാധാന്യം നൽകുന്ന ആത്മവിശ്വാസത്തോടെ പ്രശ്നപരിഹാരത്തിന് വിനിയോഗിക്കാൻ കഴിയണം എന്നതായിരിക്കണം പുത്തൻ മൂല്യനിർണയത്തിലെ സമീപനം നമ്മുടെ സമൂഹം മറ്റു ദേശങ്ങളെ അപേക്ഷിച്ച് കുട്ടികളുടെ വിദ്യാഭ്യാസത്തിന് ഏറെ പ്രാധാന്യം നൽകുന്ന നമ്മുടെ വിദ്യാലയത്തിലെ രക്ഷിതാക്കളും ഈ പ്രാധാന്യം ഉൾക്കൊള്ളുന്നവരാണെന്ന് വിദ്യാലയ സമിതി തിരിച്ചറിഞ്ഞിരിക്കുന്നു ഈ തിരിച്ചറിവോടെ ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നമ്മുടെ സ്കൂളിൽ അക്കാദമി പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുവാൻ സ്വീകരിച്ചിരിക്കുന്ന തീരുമാനങ്ങൾ

1.സ്കൂൾ പ്രവർത്തന സമയം അരമണിക്കൂർ വർധിപ്പിച്ചിരിക്കുന്നു .സ്റ്റാൻഡേർഡ് പത്തിലെ കുട്ടികൾക്ക് രാവിലെ 8:50 മുതൽ 4 30 പി എം വരെ അധ്യയന സമയമാക്കിയിരിക്കുന്നു രണ്ടാം ശനി ഒഴികെയുള്ള ശനിയാഴ്ചകൾ അധ്യായന ദിവസങ്ങളാക്കി മാറ്റുന്നു

2.അഞ്ചു മുതൽ 10 വരെയുള്ള ഓരോ ക്ലാസിലും പാർട്ടി പദ്ധതി ലക്ഷ്യമിട്ട് രക്ഷപ്പെട്ട നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക ആധികാരം നോട്ടുപുസ്തകം നിരന്തരം മൂല്യനിർണയം

3. പ്രായത്തിനനുസൃതമായി അറിവുകളും കഴിവുകളും വികസിപ്പിക്കുന്നതിന് വേണ്ടി സമയബന്ധിതമായി പ്രവർത്തനങ്ങൾ നടത്തുക.

4. എല്ലാ കുട്ടികൾക്കും തുല്യ അവസരം ലഭ്യമാക്കുക. (പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് കൈത്താങ്ങായി സമീകൃത നിലയിൽ എത്തിക്കുക.)

5. കോർ വിഷയങ്ങളിൽ മുന്നേറാനുള്ള പ്രാപ്തി ലഭ്യമാക്കുക. പിന്നോക്കം നിൽക്കുന്ന ഗണിത, ശാസ്ത്ര വിഷയങ്ങൾക്ക് പ്രത്യേക പരിഗണന.

6. മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലും ഉയർന്നശേഷി കൈവരിക്കുന്നതിന് ആവശ്യമായ സമീപന രീതി സ്വീകരിക്കുക.

7. ആരോഗ്യകരമായ ആൺ- പെൺ ബന്ധവും തുല്യതയും ലിംഗസമത്വവും ഉണ്ടായിരിക്കുക. അവസരങ്ങൾ നിഷേധിക്കപ്പെടാതിരിക്കാൻ പ്രത്യേകം പരിഗണന നൽകുന്നു.

8. സ്കൂൾ പാർലമെന്റ് ശക്തിപ്പെടുത്തുക. സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മാതൃകാ ഇലക്ഷനും നിശ്ചിത സമയങ്ങളിൽ ഉള്ള കൂടിച്ചേരലും ജനാധിപത്യവിശ്വാസം വളർത്തുന്നതിന് സഹായകമാകുന്നു

9. ദിനാചരണങ്ങൾ- ആചരണങ്ങൾ പേരിലൊതുങ്ങാതെ അർത്ഥപൂർണ്ണമായ വൈവിധ്യ പരിപാടികളിലൂടെ ആവിഷ്കരിക്കുന്നു. ഓരോ അധ്യാപകർക്ക് ചുമതല നൽകുന്ന തോടൊപ്പം സ്കൂൾ ആഘോഷ കമ്മിറ്റിയുടെ ഇടപെടലുകളും ഉണ്ടാകുന്നു.

10. പാരിസ്ഥിതി കാവബോധം, സാമൂഹിക അവബോധം, മാലിന്യനിർമാർജന അവബോധം, ശാസ്ത്ര അവബോധം, വിമർശനാവ ബോധം ഇവ വികസിപ്പിക്കുന്നതിന് ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന വിവിധ പദ്ധതികൾ സ്കൂളിൽ നടപ്പിൽ വരുത്തുന്നു.

(1) ചങ്ങാതിക്ക് ഒരു മരം

(2) കൃഷിവകുപ്പിന്റെ സഹകരണത്തോടെ പച്ചക്കറിത്തോട്ടം

(3) ചാരിറ്റി (വിൻസെന്റ് ഡി പോൾ സൊസൈറ്റി)

(4)ജനപ്രതിനിധികളുമായുള്ള സംവാദം

(5)ശാസ്ത്രപ്രദർശനങ്ങൾ

(6)വിവിധ വിഷയങ്ങളെക്കുറിച്ചുള്ള സംവാദങ്ങൾ (debates )

(7)സെമിനാർ

(8)ക്വിസ് മത്സരങ്ങൾ

(9)പ്രഭാഷണങ്ങൾ  തുടങ്ങിയവ.

(11). പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളുടെ പരിപാലനത്തിനായി BRC തലത്തിലുള്ള റിസോഴ്സ് അധ്യാപികമാരുടെ സഹായത്തോടെ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. വിവിധ വിഷയങ്ങളുടെ പാഠാസൂത്രണത്തിൽ പ്രത്യേക പരിഗണന നൽകുന്നു.

(12). പഠന പുരോഗതി രേഖ വിഷയ അടിസ്ഥാനത്തിലുള്ള അധ്യാപകരുടെ നേതൃത്വത്തിൽ ഓരോ കുട്ടിയുടെയും മികവിന്റെ രേഖകൾ തയ്യാറാക്കുകയും ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ ക്രോഡീകരിക്കുകയും ചെയ്യുന്നു. ഈ മികവിന്റെ രേഖകൾ രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും അറിവിലേക്ക് സൂക്ഷിക്കുന്നു. ക്ലാസ് ടെസ്റ്റുകൾ നടത്തി രക്ഷിതാക്കളുമായി സംവദിക്കുന്നു.

**സമഗ്ര വിദ്യാഭ്യാസ പുരോഗതിയും നൂതന മൂല്യനിർണയ രീതിയും**

1. നിലവിലുള്ള പരീക്ഷാ മൂല്യ നിർണ്ണയത്തിൽ നിന്നും വ്യത്യസ്തമായി സംഘപഠനം ഉൾപ്പെടെയുള്ള വൈവിധ്യമാർഗങ്ങളിലൂടെ ആർജ്ജിക്കുന്ന അറിവുകളെയും കഴിവുകളെയും വ്യക്തിഗതമായി വിലയിരുത്തുന്നു.

2.മൂല്യനിർണയം വഴി കുട്ടികളെ തരംതാഴ്ത്താതെ കൂടുതൽ ശക്തിപ്പെടുത്തി ഉയരങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ നടത്തപ്പെടുന്നു.

3. തുടർച്ചയുള്ളതും സമഗ്രവുമായ മൂല്യനിർണ്ണയ പ്രക്രിയയെ ഒരു വിലയിരുത്തലാക്കി മാറ്റുന്നു.നിശ്ചിത ഇടവേളയിലുള്ള പഠനനില കണ്ടെത്തുന്നതിലൂടെ പഠനനിലവാരം പുനരനുഭവമാക്കി മാറ്റാൻ സഹായിക്കുന്നു.
[ Unit test, Mid term, Term evaluation]

4. തുടർച്ചയായ മൂല്യനിർണ്ണയവും അവയുടെ പരിഹാരം കണ്ടെത്തുന്നതിലൂടെ സ്കോർ ഉയർത്തുവാനും മിനിമം 30% എന്നതിന് മുകളിലേക്ക് ഉയർത്തുവാനും സ്കൂളിന്റെ നിലവാരം ഉയർത്തുവാനുമുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.മൂല്യനിർണയം എഴുത്ത് പരീക്ഷ മാത്രമായി മാറാതെ പ്രത്യേകിച്ച് U. P.വിഭാഗം ക്ലാസുകളിൽ a.വായന b. ആലാപനംc.എഴുത്ത്(സർഗരചന) d. ചിത്രരചന തുടങ്ങിയ കഴിവുകളുടെ വിലയിരുത്തലുകളുമായി ക്രമീകരിച്ചിരിക്കുന്നു.

6.വിലയിരുത്തൽ സഹിതം പോർട്ടലിൽ രേഖപ്പെടുത്തുന്നു.

**മൂല്യനിർണയവും കൈത്താങ്ങും**

പഠനത്തിൽ പിന്നോക്കം പോകുന്ന കുട്ടികളുടെ പശ്ചാത്തലങ്ങൾ അന്വേഷിച്ച് ആവശ്യമായ മെന്ററിങ് നടത്തുന്നു.കുടുംബ പശ്ചാത്തലങ്ങൾ, മാനസിക പിരിമുറുക്കങ്ങൾ, ലഹരി ഉപയോഗങ്ങൾ, വഴിവിട്ട കൂട്ടുകെട്ടുകൾ ഇവയെ നേർവഴിക്ക് നയിക്കുവാൻ സ്കൂൾ തലത്തിൽ കൗൺസിലിംഗിൽ വൈദഗ്ദ്യം ഉള്ളവരുടെ സഹായം തേടുന്നു. തുടർച്ചയായി സ്കൂളിലെത്താത്ത കുട്ടികളുടെ ഭവന സന്ദർശനം നടത്തുവാനും ക്ലാസ്സിൽ ഹാജരാകാത്ത കുട്ടികളുടെ വിവരം ഫോൺ വഴി അറിയിക്കുവാനും ക്രമീകരണങ്ങൾ ചെയ്യുന്നു.

**സാങ്കേതികവിദ്യാ സൗഹൃദ വിദ്യാഭ്യാസം**

സ്കൂൾ തല പ്രവർത്തനങ്ങൾ -എല്ലാ ക്ലാസ് മുറികളിലും സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠന അനുഭവങ്ങളും പഠനബോധന പ്രവർത്തനങ്ങളും നൽകാനുള്ള ക്രമീകരണം നടത്തിയിരിക്കുന്നു പ്രോജക്ടറുകളുടെയും ലാപ്ടോപ്പുകളുടെയും പരമാവധി സഹായം ഉപയോഗപ്പെടുത്തുന്നു. എല്ലാ സൗകര്യങ്ങളോടുകൂടിയ കമ്പ്യൂട്ടർ ലാബ് ക്രമീകരിക്കുന്നു. അധ്യാപകർ IT പരിശീലന പദ്ധതികളിൽ പങ്കെടുക്കുന്നു. SITC പരിശീലന പദ്ധതിക്ക് നേതൃത്വം നൽകുന്നു.

**ഭരണപരമായ കാര്യക്ഷമത**

വിദ്യാഭ്യാസ ജില്ല: കാഞ്ഞിരപ്പള്ളി

ഉപജില്ല :കറുകച്ചാൽ

മാനേജ്മെന്റ്: ചങ്ങനാശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റ്

അധ്യാപകർ: ഗവൺമെന്റും പൊതുവിദ്യാഭ്യാസ വകുപ്പും നിശ്ചയിച്ച യോഗ്യരായ അധ്യാപകർ

സ്ഥാപന സ്വഭാവം: ന്യൂനപക്ഷ വിദ്യാലയം ഏരിയ :ഗ്രാമീണം പഞ്ചായത്ത്: വെള്ളാവൂർ

ബ്ലോക്ക് പഞ്ചായത്ത്: വാഴൂർ

BRC: കറുകച്ചാൽ

**സ്കൂൾ ദൈനംദിന പ്രവർത്തനങ്ങൾ:** പിടിഎ, സ്റ്റാഫ് കൗൺസിൽ,എം പി ടി എ

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശങ്ങൾ യാതൊരു വീഴ്ചയും ഇല്ലാതെ സ്കൂളിൽ നടപ്പിലാക്കി വരുന്നു. എല്ലാവിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനങ്ങളും അവയുടെ റിപ്പോർട്ടുകളും യഥാസമയങ്ങളിൽ കൃത്യസ്ഥലങ്ങളിൽ എത്തിക്കുന്നു. കുട്ടികളുടെ സാമൂഹിക അക്കാദമിക പശ്ചാത്തലം മനസ്സിലാക്കുന്നതിനായി അധ്യാപകർ പ്രധാനാധ്യാപികയുടെ നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തുന്നു.

**വിദ്യാലയ സമിതിയും ജനകീയ പിന്തുണയും:**

ഒരു വിദ്യാലയം എന്നത് നാട്ടിലെ പൊതുസമൂഹത്തിനു വേണ്ടി നിലകൊള്ളുന്നു എന്ന ബോധ്യത്തോടെ നമ്മുടെ കലാലയം പ്രവർത്തിക്കുന്നു. പ്രവേശനത്തിൽ യാതൊരു വേർതിരിവുകളുംഏർപ്പെടുത്തുന്നില്ല.സ്കൂൾ അക്കാദമിക്

പ്രവർത്തനങ്ങൾക്കൊപ്പം 1)രക്ഷാകർതൃ വിദ്യാഭ്യാസം 2)സ്കൂൾ ശാക്തീകരണം 3)പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി ഊരുകൂട്ടം, ജനപ്രതിനിധികൾ എന്നിവരുടെ സേവനം ഉറപ്പുവരുത്തുന്നു. അതിഥി തൊഴിലാളികളുടെ മക്കളുടെ പഠനത്തിന് ഭാഷാതീതമായ പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നു.

*കുട്ടികളുടെ മാനസിക വൈകാരിക ശാരീരിക ആരോഗ്യ പ്രവർത്തനങ്ങൾ*

ഒരു വിദ്യാർത്ഥി ഉറച്ച മനസ്സും കരുത്തും ഉള്ളവൻ ആയിരിക്കണം. സ്കൂളിൽ ഉച്ചഭക്ഷണ പദ്ധതി വഴി കുട്ടികൾക്ക് സമീകൃത ആഹാരങ്ങൾ നൽകുന്നു.വിവിധ കായിക പദ്ധതികളും അവയ്ക്കാവശ്യമായ പരിശീലനങ്ങളും സ്കൂളിൽ നടത്തിവരുന്നു. വിവിധ മത്സരങ്ങൾക്ക് സംസ്ഥാനതലം വരെ വിവിധ വേദികളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു. കായിക ദിനം, കലോത്സവം, ശാസ്ത്രമേള, ഗണിതശാസ്ത്രമേള ഐടി മേളകൾ തുടങ്ങിയവ സ്കൂൾതലത്തിൽ നടത്തുകയും പ്രതിഭകളെ കണ്ടെത്തി മത്സരത്തിന്റെ പരമാവധി തലം വരെ പങ്കെടുപ്പിക്കുന്നു. കുട്ടികളിലെ പ്രതിഭ ഉണർത്തുന്നതിനും വളർത്തുന്നതിനുള്ള പരിശീലന പരിപാടികൾ അവധിക്കാലം മുതൽ ആരംഭിച്ചിരിക്കുന്ന വിഷയത്തിൽ ഓരോ വിഷയങ്ങൾക്കും പ്രത്യേകമായ ലക്ഷ്യങ്ങളെ മുൻനിർത്തി സമയബന്ധിതമായി പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിരിക്കുന്നു

**I. മാതൃഭാഷ -മലയാളം**

ചുമതല : മലയാളം അധ്യാപകർ

ലക്ഷ്യങ്ങൾ

1)എല്ലാ കുട്ടികളിലും അർദ്ധ പൂർണ്ണമായി വായിക്കാനും എഴുതുവാനുമുള്ള കഴിവ് നേടുക

2)പ്രായത്തിനനുസൃതമായ ആശയവിനിമ ശേഷി ഉറപ്പുവരുത്തുക

3)സാഹിത്യ അഭിരുചി സൃഷ്ടിക്കുക

4)സർഗ്ഗാത്മക രചനകൾക്ക് അവസരം നൽകുക, പ്രോത്സാഹിപ്പിക്കുക

5)ആശയങ്ങളുടെ വിവിധതരം ആവിഷ്കാരങ്ങൾ

6)മലയാളം ടൈപ്പിംഗ് പരിശീലനം നടത്തുക

7)മാഗസിനുകൾ നിർമ്മാണം നടത്തുക

പ്രവർത്തനങ്ങൾ

1)വായനക്കും എഴുത്തിനും പിന്നോക്കം നിൽക്കുന്ന കുട്ടികൾ പ്രത്യേക പരിഗണന നൽകുക

2)സഭാകമ്പം മാറുവാൻ അനുസൃതമായ വിവിധ പരിപാടികൾക്ക് അവസരം നൽകുക

3) പ്രസംഗം മത്സരം ഉപന്യാസം മത്സരങ്ങൾ തുടങ്ങിയവ നടത്തുക

4)പത്രവായന -കുറിപ്പ് തയ്യാറാക്കൽ ക്ലാസ് തലത്തിലും സ്കൂൾതലത്തിലും അവതരണം

5)ദിനാചരണങ്ങളുമായി ബന്ധപ്പെട്ടുള്ള വിവിധ അവതരണങ്ങൾ.

6)മലയാളത്തിളക്കം- നിലവിലുള്ള പദ്ധതി കാര്യക്ഷമമാക്കുക.

സാഹിത്യ അതിരുചിയും സർഗാത്മക രചനയും -പതിപ്പ് തയ്യാറാക്കൽ ,കവിത ,കഥ ,ആസ്വാദനം നാടകം -പ്രവർത്തനങ്ങൾ (നാടക രചന ,സ്ക്രിപ്റ്റ് ,അഭിനയം ,അവതരണം.) ശില്പശാല ,വിവിധരംഗ വേദികൾ സംഘടിപ്പിക്കുക .

ആധുനിക സാങ്കേതികവിദ്യ സാധ്യതകൾ

കമ്പ്യൂട്ടിംഗ്,
ഹ്രസ്വചിത്രം

ചലച്ചിത്രം- നിർമ്മാണവും ആസ്വാദനവും

| **പ്രവർത്തനം** | **സ്വഭാവം** | **ദൈർഘ്യ ം** | **ലക്ഷ്യം** |
|---|---|---|---|
| വായന | ഹ്രസ്വകാലം | മൂന്നു മാസം , | അർത്ഥപൂർണ്ണമായ വായന |
| എഴുത്തു , | ഹ്രസ്വകാലം | ആറു മാസം | തെറ്റ് കൂടാതെ എഴുത്തു് |
| ,രചന | മധ്യകാലം | ഒരു വർഷം | നൂതന സാഹിത്യ സൃഷ്ടി |

II. **ഇംഗ്ലീഷ്**

1.Communication skills- ആത്മവിശ്വാസത്തോടെയുള്ള ആശയവിനിമയശേഷി നേടുക

2.ആവിഷ്കരണം- stage performance, drama, recitation, discussions. അവസരങ്ങൾ സൃഷ്ടിക്കുക

3.സ്വതന്ത്ര വായനയ്ക്കും എഴുത്തിനും ശേഷി ഉണ്ടാകുക

4.ആംഗലേയ സാഹിത്യ ആസ്വാദനം .സർഗാത്മക രചനകൾ സൃഷ്ടിക്കുക

5.Digital- chances

പ്രവർത്തനങ്ങൾ

1.ഇംഗ്ലീഷ് സംസാരിക്കാൻ അവസരം നൽകുക (ക്ലാസ് റൂം ചർച്ചകൾ ,സംഭാഷണങ്ങൾ ,group discussions)

2.English theatre - role play, skits ,reels നിർമ്മാണം

3.English debates - elocutions
4.നിലവിലുള്ള ഇംഗ്ലീഷ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക- ഇംഗ്ലീഷ് വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുക

i.ഇംഗ്ലീഷ് പത്രങ്ങൾ ,മാസികകൾ ,പാഠപുസ്തകങ്ങൾ വായിക്കാൻ പ്രോത്സാഹിപ്പിക്കുക

ii.സർഗാത്മക രചനകൾ (കഥ ,കവിത ,ലേഖനം)

iii. Journals ,magazine , newspaper തയ്യാറാക്കുക

iv.ഇംഗ്ലീഷ് ചിത്രകഥകൾ പരിചയപ്പെടുത്തുക

സാഹിത്യ ആസ്വാദനം - ഇംഗ്ലീഷ്

i.ഇംഗ്ലീഷ് സിനിമകൾ കാണുന്നു

ii.ഇംഗ്ലീഷ് ഫെസ്റ്റ്, English Day

സാങ്കേതികവിദ്യ

i.English typing( speedly), online applications ,ഓഡിയോ വീഡിയോ ഉറവിടങ്ങൾ കണ്ടെത്തുക

ii English blogs

| **പ്രവർത്തനം** | **സ്വഭാവം** | **ദൈർഘ്യ ം** | **ലക്ഷ്യം** |
|---|---|---|---|

| | | | |
|---|---|---|---|
| വായന | ഹ്രസ്വകാലം | മൂന്നു മാസം , | അർത്ഥപൂർണ്ണമായ വായന |
| എഴുത്തു , | ഹ്രസ്വകാലം | ആറു മാസം | തെറ്റ് കൂടാതെ എഴുത്ത് |
| ,രചന | മധ്യകാലം | ഒരു വർഷം | നൂതന സാഹിത്യ സൃഷ്ടി |

**വിഷയം :ഹിന്ദി**

ലക്ഷ്യങ്ങൾ

ഹിന്ദിയിൽ ആശയവിനിമയശേഷി നേടുക രാഷ്ട്രഭാഷയിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം സ്വതന്ത്ര വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക ഹിന്ദി സാഹിത്യം ആസ്വദിക്കുക സാഹിത്യകാരന്മാരെ അടുത്തറിയുക സാങ്കേതികവിദ്യ സാധ്യതകൾ ഹിന്ദി ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക ഹിന്ദി കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുക

പ്രവർത്തനങ്ങൾ

ആത്മവിശ്വാസത്തോടെ ഹിന്ദിയിൽ സംസാരിക്കാൻ അവസരം ഒരുക്കുക ക്ലാസ് റൂം സംഭാഷണം ഗ്രൂപ്പ് ചർച്ച

ഹിന്ദി സ്കിറ്റുകൾ തിയേറ്റർ തുടങ്ങിയവയുടെ സംഘാടനം

ഹിന്ദി സംവാദം പ്രസംഗങ്ങൾ അവസരം നൽകുന്നു.

സ്കൂളിലെ രാവിലത്തെ പ്രാർത്ഥന ഹിന്ദിയിൽ നടത്തുന്നു ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നു.

വായനയും എഴുത്തും

1. ഹിന്ദി പുസ്തകങ്ങൾ മാസികകൾ പത്രങ്ങൾ- വായിക്കാൻ പ്രോത്സാഹിപ്പിക്കുക.
2. ഹിന്ദിയിൽ സർഗാത്മക രചനകൾ നടത്തുക.
3. മാഗസിൻ പത്രം നോട്ടീസ് തുടങ്ങിയവ തയ്യാറാക്കുക.
4. ഹിന്ദി ചിത്ര മാസിക വായിപ്പിക്കുക.

സാഹിത്യാസ്വാദനം

1. ഹിന്ദി സിനിമ
2. ദിനാചരണം ( ഹിന്ദി ഫെസ്റ്റ്, ഹിന്ദി ദിൻ)
3. സാഹിത്യ ശില്പശാല

സാങ്കേതിക പഠനം ഹിന്ദിയിൽ

1. സാങ്കേതികവിദ്യ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
2. ഹിന്ദി ബ്ലോഗ് തയ്യാറാക്കൽ.

| **പ്രവർത്തനം** | **സ്വഭാവം** | **ദൈർഘ്യം** | **ലക്ഷ്യം** |
|---|---|---|---|
| ഹിന്ദി സംസാരം | ഹ്രസ്വകാലം | ആറു മാസം | നന്നായി ആശയ വിനിമയം നടത്തുക |
| വായന | ഹ്രസ്വകാലം | 4 മാസം | അർത്ഥപൂർണ്ണമായ വായന |
| എഴുത്തു , | ഹ്രസ്വകാലം | 3 മാസം | തെറ്റ് കൂടാതെ എഴുത്ത് |

| ,രചന | മധ്യകാലം | ഒരു വർഷം | നൂതന സാഹിത്യ സൃഷ്ടി |
|---|---|---|---|

**വിഷയം -സംസ്കൃതം**

ചുമതല :സംസ്കൃത അധ്യാപിക.

ലക്ഷ്യങ്ങൾ:-

1. സംസ്കൃത ആശയവിനിമയ ശേഷി നേടുന്നു.
2. സംസ്കൃത ആവിഷ്കാരങ്ങൾക്ക് അവസരം.
3. സ്വതന്ത്ര വായനയ്ക്ക് പ്രാപ്തരാക്കുക.
4. സംസ്കൃത സാഹിത്യം ആസ്വദിക്കുന്നു.
5. സംസ്കൃത സാഹിത്യകാരന്മാരെ അടുത്തറിയുന്നു.
6. സാങ്കേതികവിദ്യ സംസ്കൃത പഠനത്തിൽ പ്രയോജനപ്പെടുത്തുന്നു.

പ്രവർത്തനങ്ങൾ

സംസ്കൃതം സംസാരിക്കാൻ പ്രാപ്തരാക്കുക. ( ക്ലാസ് റൂം സംഭാഷണം, ഗ്രൂപ്പ് ചർച്ച )

1. സംസ്കൃത നാടകം (രചന, അഭിനയം, സംഭാഷണം.)
2. സംസ്കൃത പ്രസംഗം
3. സംസ്കൃത പ്രാർത്ഥന ( സ്കൂളിലെ രാവിലത്തെ പ്രാർത്ഥന )

സംസ്കൃതം- വായനയും എഴുത്തും

1. സംസ്കൃത പുസ്തകങ്ങൾ മാസികകൾ കഥാസംഗ്രഹം പുരാണ ഗ്രന്ഥങ്ങൾ വായിപ്പിക്കുന്നു.

2.സംസ്കൃതത്തിൽ രചന (ലേഖനം )

3.മാഗസിൻ, പത്രം തുടങ്ങിയവ തയ്യാറാക്കാൻ പ്രാപ്തരാക്കുന്നു.

സാഹിത്യ ആസ്വാദനം

1. രാമായണം മഹാഭാരതം കഥകൾ ആസ്വദിക്കുന്നു

2.സംസ്കൃത സീരിയൽ

3.ദിനാചരണം (സംസ്കൃത ദിനം)

4.ശില്പശാല

സാങ്കേതിക പഠനം

1. സംസ്കൃത (ടൈപ്പിംഗ് ),പുസ്തക നിർമ്മാണം.
2. സംസ്കൃത reels തയ്യാറാക്കുക.

| **പ്രവർത്തനം** | **സ്വഭാവം** | **ദൈർഘ്യം** | **ലക്ഷ്യം** |
|---|---|---|---|

| | | | |
|---|---|---|---|
| വായന | ഹ്രസ്വകാലം | മൂന്നു മാസം , | അർത്ഥപൂർണ്ണമായ വായന |
| എഴുത്തു , | ഹ്രസ്വകാലം | ആറു മാസം | തെറ്റ് കൂടാതെ എഴുത്തു് |
| ,രചന | മധ്യകാലം | ഒരു വർഷം | നൂതന സാഹിത്യ സൃഷ്ടി |

**വിഷയം :വിവരസാങ്കേതിക വിദ്യ**

ചുമതല : SITC, IT അധ്യാപകർ

I.പഠന ബോധന പ്രക്രിയ ,അറിവ് നിർമ്മാണപ്രക്രിയയിൽ കമ്പ്യൂട്ടർ ഉപയോഗ പഠനം

2.അറിവുകളുടെ updation

3.നിർമ്മിത ബുദ്ധി റോബോട്ടിക് നിർമ്മാണം ഉപയോഗം

4.സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള തട്ടിപ്പുകൾ തിരിച്ചറിയുക

5'സ്വതന്ത്രമായി കമ്പ്യൂട്ടർ ലാബ് ഉപയോഗിക്കുക

പ്രവർത്തനങ്ങൾ

1.കമ്പ്യൂട്ടർ നൈപുണി വികസിപ്പിക്കുക

2.സോഷ്യൽ മീഡിയ, ആനിമേഷൻ

3.ജീവിതം ലളിതമാക്കുക

**വിഷയം -ശാസ്ത്രം (ഭൗതികശാസ്ത്രം രസതന്ത്രം ജീവശാസ്ത്രം.)**

ചുമതല : ശാസ്ത്ര അധ്യാപകർ

ലക്ഷ്യങ്ങൾ

1.ശാസ്ത്ര പഠനത്തിൽ താല്പര്യമുണ്ടാക്കുക (ശാസ്ത്ര അവബോധം ),ശാസ്ത്രീയ മനോഭാവം

2.ശാസ്ത്രീയ രീതി അവലംബിക്കുക.

3. ശാസ്ത്ര പ്രക്രിയ ശേഷി വികസനം (ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുക.)

4. ആധുനിക ലാബ് സജ്ജമാക്കുക.

5. ശാസ്ത്രരംഗത്ത് നൂതന ആശയങ്ങൾ കണ്ടെത്തുന്നു.

6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ഉപയോഗപ്പെടുത്തുക.

പ്രവർത്തനങ്ങൾ

1. ശാസ്ത്ര വിഷയത്തിലെ മൂന്നു വിഭാഗങ്ങളുടെയും പഠന ആശയങ്ങളും curriculum വിഭാവനം ചെയ്ത ലക്ഷ്യങ്ങളും കുട്ടി നേടുന്നു എന്ന് ഉറപ്പാക്കുന്നു.

2. സയൻസ് ക്ലബ്ബ് ശാസ്ത്രവും ശാസ്ത്ര ജേർണലുകൾ സയൻസ് ലാബ് പരീക്ഷണങ്ങൾ ശാസ്ത്ര മാഗസിൻ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

3. പ്രകൃതി പഠന യാത്രകൾ

4. ശാസ്ത്രജ്ഞന്മാരുടെ ജന്മദിനവും അവരുടെ സംഭാവനകളും

5. കുടിവെള്ള സംരക്ഷണം പരിശോധന ഭക്ഷ്യവസ്തുക്കളുടെ മായം ചേർക്കൽ

6. ജൈവവള നിർമ്മാണം ജൈവവൈവിധ്യ ഉദ്യാനം

7. പ്ലാസ്റ്റിക് നിർമ്മാർജ്ജനം

8. ശുചിത്വ ക്യാമ്പസ്

9. ലഹരി വിരുദ്ധ വിദ്യാലയം

10. വ്യക്തികളുടെയും സമൂഹത്തിന്റെയും പുരോഗതിക്ക് ശാസ്ത്രം എങ്ങനെ പ്രയോജനപ്പെടുന്നു.

| **പ്രവർത്തനം** | **സ്വഭാവം** | **ദൈർഘ്യ ०** | **ലക്ഷ്യം** |
|---|---|---|---|
| പ്രൊജക്റ്റ് | മധ്യകാലം | ഒരു വർഷം | പ്രത്യേക ആശയത്തോടെ നടപ്പാക്കുന്നു |
| പരീക്ഷണം | ഹ്രസ്വകാലം | രണ്ടാഴ്ച | പഠന ലക്ഷ്യം കൈവരിക്കുന്നു |
| നൂതന സമീപനം | ദീർഘ കാലം | ഒരു വർഷത്തിന് മുകളിൽ | പുതിയ ശാസ്ത്ര സമീപനം |

**വിഷയം : സാമൂഹ്യശാസ്ത്രം**

ചുമതല :സോഷ്യൽ സയൻസ് അധ്യാപകർ

ലക്ഷ്യങ്ങൾ

1.സാമൂഹ്യപരമായ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നവരായി മാറ്റുക.

2.ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക

3.സമൂഹത്തിന്റെ ചലനത്തിന്റെ പൊതുസ്വഭാവം തിരിച്ചറിഞ്ഞ് അതിനായുള്ള രീതിശാസ്ത്രം രൂപപ്പെടുത്തുക

4.ജനാധിപത്യ സംസ്കാരം രൂപപ്പെടുത്തുക

5.ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ സാമൂഹ്യശാസ്ത്ര പഠനത്തിൽ ഉപയോഗപ്പെടുത്തുക

പ്രവർത്തനങ്ങൾ

1.സ്കൂൾ പാർലമെന്റ് രൂപീകരണം,

2.ലഹരി വിമുക്ത ക്യാമ്പസ്

3.പ്രാദേശിക ചരിത്രരചന,

4.പഠനയാത്ര,

5 പത്രവാർത്ത -ചർച്ച,

6.അസമത്വം ഇല്ലായ്മ

7.പുരാവസ്തു പ്രദർശനം,

8.പ്രാദേശിക ഭൂപടം

9.കാലാവസ്ഥ വ്യതിയാനം -തിരിച്ചറിവ്

10.സാമ്പത്തികം -പ്ലാനിങ്

11.കയറ്റമതി ഇറക്കുമതി

12.വിവിധ നികുതി പരിചയപ്പെടൽ

**വിഷയം :ഗണിതം**

ചുമതല : ഗണിതശാസ്ത്ര അധ്യാപകർ

ലക്ഷ്യങ്ങൾ:

1.അടിസ്ഥാന ഗണിതക്രിയകൾ സ്വായത്തമാക്കുക,

2 ജീവിത ഗന്ധിയായ ഗണിത പഠനം

3.വിവിധ പ്രായത്തിൽ സ്വായത്തമാക്കേണ്ട ഗണിതശേഷികൾ,

4.സാങ്കേതികവിദ്യ ഗണിതശാസ്ത്ര പഠനത്തിന് ഉപയോഗിക്കുന്നു.

പ്രവർത്തനങ്ങൾ:

1 ഗണിതശാസ്ത്രപ്രദർശനം,

2 സെമിനാറുകൾ,

3.ദിനാചരണം,

4.ICT സാധ്യത ഉപയോഗിക്കുക

5.മാഗസിൻ,പാറ്റേൺ, puzzles.

**വിഷയം :തൊഴിൽ ഉദ്ഗ്രഥിതം**

ചുമതല : ക്ലാസ് അധ്യാപകർ

ലക്ഷ്യങ്ങൾ

1.വിവിധ തൊഴിൽ മേഖലകൾ തിരിച്ചറിഞ്ഞ് അതിനനുസൃതമായ പഠന മാധ്യമം തിരഞ്ഞെടുക്കുക.

2.തൊഴിലിന്റെ മഹത്വം തിരിച്ചറിയുക

3.നൈപുണി വികാസം

4.വിഭവസാധ്യത (പ്രാദേശികം )തിരിച്ചറിഞ്ഞ് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റുന്നതിന് അറിവ് നേടുക

**വിഷയം : കലാ വിദ്യാഭ്യാസം**

ചുമതല : ചിത്രകല അധ്യാപകൻ

ലക്ഷ്യങ്ങൾ :

1 കുട്ടികളിലെ സർഗാത്മഗാഥ കണ്ടെത്തുക

2.കലാഭിരുചി വളർത്തുക

3.ICT സാധ്യത ഉപയോഗിച്ചുള്ള ചിത്രകല

4.വിവിധ ക്രാഫ്റ്റ് വർക്കുകൾ പരിചയപ്പെടുത്തുക.

**വിഷയം :ആരോഗ്യ കായിക വിദ്യാഭ്യാസം**

ചുമതല :കായികാധ്യാപിക

ലക്ഷ്യങ്ങൾ

1.കായിക ആരോഗ്യ ക്ഷമത ഉറപ്പുവരുത്തുന്നതിനുള്ള വിവിധ പരിശീലനങ്ങൾ

2 ശാസ്ത്രീയമായ ആരോഗ്യ ശീലങ്ങൾ വളർത്തുക

3.കായികമേളയിൽ ലിംഗ സമത്വം ഉണ്ടാക്കുക

4. വിവിധ ഗെയിമുകളിൽ പരിശീലനം നൽകുക

5.നീന്തൽ പോലെയുള്ളവ പരിശീലിക്കുക

6.പ്രാഥമിക ശുശ്രൂഷ അറിഞ്ഞിരിക്കുക

**പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ**

ടി വിഭാഗത്തിൽപ്പെട്ട കുട്ടികളെ വേർതിരിക്കാതെ മുഖ്യധാരയിൽ നിലനിർത്തുക ഒരു ജീവിതമാർഗം കണ്ടെത്താനുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുക.

**വിവിധ പാഠ്യേതര ക്ലബ്ബുകൾ**

**SPC** ചുമതല : SPC Co-ordinator

**Scout and Guide**

ചുമതല: Trained Scout master

**Little Kite**

**JRC**

**DISHA**

**Inspire**

**കായിക പരിശീലനം ,കലാപരിശീലനം, വിദ്യാരംഗം**

തുടങ്ങി കുട്ടികളുടെ വിവിധ മേഖലകളെ പുഷ്ടിപ്പെടുത്തുന്ന വിവിധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. ശാസ്ത്രമേള ,കായികമേള , കലോത്സവം - വിവിധ തലങ്ങളിലെ മത്സരങ്ങളിലേക്ക് പരിശീലിപ്പിക്കുക. വിവിധ തലങ്ങളിൽ നടക്കുന്ന ക്വിസ് മത്സരങ്ങൾ പൊതു പരീക്ഷകളായ USS, NMMS തുടങ്ങിയവയ്ക്ക് പ്രത്യേക പരിശീലന പദ്ധതി നടപ്പിലാക്കുന്നു.

**പിടിഎ**

സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും മാതാപിതാക്കളുടെ സഹകരണവും സാന്നിധ്യവും ഉറപ്പുവരുത്തുന്നു ഓരോ ടേമിലും ക്ലാസ് തലത്തിൽ ക്ലാസ് പിടിഎകളിൽ കുട്ടികളുടെ പഠനനിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു .സ്കൂൾ വർഷാരംഭത്തിൽ ജനറൽ പിടിഎ കൂടുകയും പിടിഎ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപം കൊടുക്കുകയും ചെയ്യുന്നു .പ്രധാന തീരുമാനങ്ങളിൽ എല്ലാം പിടിഎയുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

**സ്റ്റാഫ് കൗൺസിൽ**

ബഹുമാനപ്പെട്ട പ്രധാന അധ്യാപികയുടെ നേതൃത്വത്തിൽ സ്റ്റാഫ് കൗൺസിൽ രൂപീകരിച്ചിരിക്കുന്നു .കുട്ടികളുടെ പാഠ്യ പാഠ്യേതര വിഷയങ്ങൾ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ രൂപീകരണം നടത്തുകയും ചെയ്യുന്നു.സ്റ്റാഫ് സെക്രട്ടറി തീരുമാനങ്ങൾ എഴുതി സൂക്ഷിക്കുകയും ചെയ്യുന്നു.

**SRG , Subject Council**

സ്കൂൾതല പഠനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് School Resource Group കൂടുകയും Government, BRC തലത്തിലുള്ള തീരുമാനങ്ങൾ ചർച്ച ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നു. സ്കീം ഓഫ് വർക്ക് പ്രകാരമുള്ള വിഷയ പഠനങ്ങളും ക്ലാസുകളിൽ പാഠ്യ തലത്തിൽ എത്തിക്കുമ്പോൾ നേരിടുന്ന വൈഷമ്യങ്ങളും വിഷയാടിസ്ഥാനത്തിൽ Subject Council ചർച്ച ചെയ്യുന്നു

R

R